International
NURSES DAY
MAY -12



# Jubilet

Jubilee Mission Medical College & Research Institute - Since 1951 Vol. 9 Issue 5 May 2023

Content

# ഉള്ളടക്കം


എഡിറ്റോറിയൽ ........ 01

മധുരം നുകർന്ന് നഴ്സസ് ദിനാചരണം ........ 03

നഴ്സസ് ദിനം ആഘോഷിച്ച് JMCON ........ 05

പ്രഷർ ഇൻജ്വറി അപ്ഡേറ്റ് ........ 06

കാർഡിയാക് ഇമേജിങ്ങ് തുടർപഠനപരിശീലനം ........ 08

ജൂബിലിയിൽ ഗവേഷണദിന സമ്മേളനം ........ 10

വേദനസംഹാരികൾ ഫലപ്രദമോ ........ 12

ബാഹ ഇംപ്ലാന്റ് ശസ്ത്രക്രിയ വിജയകരം ........ 13

ഫയർ & സേഫ്റ്റി ട്രെയിനിംഗ് ........ 14

ആരവ സ്പോർട്സ് മീറ്റ് ........ 16

ദൃശ്യവിരുന്നൊരുക്കി കഥകളി ........ 18

CONGRATULATIONS ........ 19

ANTIMICROBIAL RESISTENCE: THE SILENT PANDEMIC ...... 21

കൈഎത്തും ദൂരത്ത് പോലീസ് എയ്ഡ് പോസ്റ്റ് ........ 27

WELCOME TO JUBILEE FAMILY........ 28

ഒരാശുപത്രിയോ ദൈവാലയമോ? ........ 29

മഴക്കാല രോഗങ്ങൾക്ക് ആയുർവേദ പ്രതിരോധം ........ 30



# കാരുണ്യത്തിന്റെ കാവലാൾ

പിറന്നുവീഴുമ്പോഴും പിടഞ്ഞുവീഴുമ്പോഴും പിടിച്ചുയർത്തെഴുന്നേൽപിക്കുന്ന മാലാഖവൃന്ദം. പരിചരണത്തിന്റെയും ശുശ്രൂഷയുടെയും യഥാർത്ഥ അർത്ഥം എന്താണെന്ന് സ്വന്തം ജീവിതം കൊണ്ട് കാട്ടിത്തരുന്ന കാരുണ്യത്തിന്റെ കാവലാൾ....

‘ഭൂമിയിലെ മാലാഖമാരെന്ന്’ ലോകമൊന്നാകെ ഒറ്റസ്വരത്തിൽ വിശേഷിപ്പിക്കുന്ന നേഴ്സുമാരുടെ സേവനങ്ങളെ ഓർക്കുകയും ആദരിക്കുകയും ചെയ്യുന്ന സുന്ദര സുദിനം മെയ് 12. ആധുനിക നേഴ്സിന്റെ ഉപജ്ഞാതാവായ ‘വിളക്കേന്തിയ വനിത’യെന്ന് അപരനാമത്തിൽ അറിയപ്പെടുന്ന ഫ്ളോറൻസ് നൈറ്റിംഗേലിന്റെ ജന്മദിനമായ മെയ് 12 നാം ആചരിച്ചപ്പോൾ രോഗീശുശ്രൂഷയിലൂടെ തങ്ങളുടെ ജീവനെതന്നെ ബലിയർപ്പിക്കേണ്ടിവന്ന ഒത്തിരി പുണ്യമുഖങ്ങൾ നമ്മുടെയൊക്കെ മനസ്സുകളിൽ തെളിഞ്ഞുവന്നില്ലേ. എന്താ അതിനു കാരണം? ഒറ്റ കാരണമേയുള്ളൂ... നമ്മളൊക്കെ ആശുപത്രികിടക്കയിൽ കിടന്നപ്പോൾ പെറ്റമ്മയല്ലായിരുന്നിട്ടും അമ്മയുടെ സ്നേഹവും കരുതലും ആവോളം പകർന്ന... കൂടപ്പിറപ്പല്ലായിരുന്നിട്ടും കൂടപ്പിറപ്പിന്റെ സൗഹൃദവും സാന്ത്വനവും തന്ന് ആശ്വസിപ്പിച്ച.... ഈ പുണ്യജീവിതങ്ങളെ എങ്ങനെയാണ് മറക്കാനാവുക. പണ്ടെപ്പോഴോ ആശുപത്രി സന്ദർശനത്തിനിടയിൽ ഒരു കൊച്ചുമിടുക്കി പറഞ്ഞത് ഓർക്കുന്നു: ‘‘നേഴ്സാന്റി സൂപ്പറാ’’. കാരണമെന്താണെന്ന്



ചോദിച്ചപ്പോൾ അവൾ പറയുകയാണ് ''നേഴ്സാന്റി എന്റെ കൂടെ പാട്ടുപാടും കളിക്കും പിന്നെ ഇടയ്ക്കൊക്കെ ചോറു വാരി ത്തരും....''. കൊറോണ കലിതുള്ളിനടന്ന സമയത്തും ചിക്കൻ ഗുനിയയും ഡെങ്കിപനിയും മാറിമാറി രംഗപ്രവേശനം നടത്തി യപ്പോഴും തളരാതെ, പരാതിപ്പെടാതെ നിറപുഞ്ചിരിയോടെ ഓടിനടന്ന് ശുശ്രൂഷിച്ച ഈ മാലാഖവൃന്ദത്തെ... കൊറോ ണയെ പേടിച്ച് ബന്ധുജനങ്ങൾ പോലും അകലം പാലിച്ചപ്പോൾ സ്വന്തമെന്നു കരുതി രോഗികളെ നെഞ്ചോടുചേർത്തുപിടിച്ച ഈ ന്യൂജെൻ നൈറ്റിംഗേൽസിനെ... എന്തുപറഞ്ഞു അഭിന ന്ദിച്ചാലും അധികമാകില്ല. പക്ഷേ, ഒരു ചിരി കൊണ്ടോ, നന്ദി വാക്ക് കൊണ്ടോ അവരെയൊന്നു പരിഗണിക്കാൻ പലരും മറന്നു പോകുന്നുവെന്നതാണ് വാസ്തവം. ആശുപത്രിമുറിയിൽനിന്നും ഇറങ്ങി ഡോക്ടറോട് നന്ദി പറയുമ്പോൾ പരിചരിച്ച നേഴ്സി നോടും കൂടെ ഒരു നന്ദി വാക്കു പറയുമ്പോൾ – മറക്കില്ലാട്ടോ എന്ന് നിറപുഞ്ചിരിയോടെ പറയുമ്പോൾ – ഒരു ആയുഷ്ക്കാ ലമത്രയും കിട്ടുന്ന സന്തോഷവും പ്രശംസയുമാണവർ അനു ഭവിക്കുന്നത്.

യുദ്ധഭൂമിയിൽ പരിക്കേറ്റവരുടെ ക്ഷേമം അന്വേഷിച്ചും അവർക്കു വേണ്ടുന്ന ആതുരസേവനം ചെയ്തും അനേകരെ ജീവിതത്തിലേക്ക് കൊണ്ടുവന്ന ഫ്ളോറൻസ് നൈറ്റിംഗേലി നെപോലെ, മറ്റുള്ളവരുടെ പുഞ്ചിരിയും കണ്ണീരും തന്റേത് കൂടിയാണെന്ന് കരുതി ആ മാലാഖവൃന്ദം പരാതികളില്ലാതെ, പരിഭവമില്ലാതെ ഇന്നും തന്റെ ശുശ്രൂഷ തുടർന്നുകൊണ്ടേയിരി ക്കുന്നു. തനിക്ക് ചുറ്റുമുള്ള ജീവിതദുരിതങ്ങൾക്ക് എന്നെങ്കിലും ഒരറുതി വരുമെന്ന പ്രതീക്ഷയോടെ... പ്രാർത്ഥനയോടെ...

**ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
അസിസ്റ്റന്റ് ഡയറക്ടർ



# മധുരം നുകർന്ന് നഴ്സസ് ദിനാചരണം



ആതുര സേവന രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴി ഒരുക്കിയ ഫ്ളോറൻസ് നൈറ്റിംഗേലിന്റെ ജന്മദിനമായ മെയ് 12 ലോക നഴ്സസ് ദിനം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ആചരിച്ചു. വികാരി ജനറൽ മോൺ. ജോസ് വല്ലൂരാന്റെ നേതൃത്വത്തിൽ ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുകാരനും കാത്തലിക് നഴ്സസ് ഗിൽഡ് തൃശ്ശൂർ അതിരൂപത ഡയറ





ക്ടർ ഫാ. ജിമ്മി എടക്കുളത്തൂരും സഹകാർമ്മികത്വം വഹിച്ച ദിവ്യബലിക്കുശേഷം നഴ്സിംഗ് സൂപ്രണ്ട് സി. മെറ്റിൽഡയും ഡപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് ഡോ. റോസ് സേവ്യറും ചേർന്ന് കേക്ക് മുറിച്ച് നഴ്സസ് ഡേയുടെ മധുരം പങ്കുവച്ചു. ജൂബിലി മിഷൻ സ്കൂൾ ഓഫ് നഴ്സിംഗ് വിദ്യാർത്ഥികൾ 'Our Nurses, Our Future' എന്ന വിഷയത്തെപ്പറ്റി പ്രസന്റേഷൻ അവതരിപ്പിച്ചു. ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗ് വിദ്യാർത്ഥികളുടെ ഫ്ളാഷ് മോബും പരിപാടിയുടെ മാറ്റു കൂട്ടി. ഓരോ വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട നഴ്സുമാരുടെ രോഗീപരിചരണ ത്തെപ്പറ്റിയുള്ള അപ്രീസിയേഷൻ വീഡിയോ പ്രസന്റേഷനും ഉണ്ടായിരുന്നു.

## Welcome to Jubilee



ജൂബിലി മിഷൻ സ്ഥാപന ങ്ങളുടെ പുതിയ അസിസ്റ്റന്റ് ഡയറക്ടറായി ചാർജെടുത്ത ഫാ. ജസ്റ്റിൻ പൂഴിക്കുന്നേലിന് ജൂബിലി കുടുംബത്തിലേക്ക് സ്വാഗതം.



ജൂബിലി മിഷൻ സ്ഥാപന ങ്ങളുടെ പുതിയ ഫിനാൻസ് അസിസ്റ്റന്റായി ചാർജെടുത്ത ഫാ. ജിജോ മാളിയേക്കലിന് ജൂബിലി കുടുംബത്തിലേക്ക് സ്വാഗതം.






# നഴ്സസ് ദിനം ആഘോഷിച്ച് JMCON



ജൂബിലി മിഷൻ നഴ്സിംഗ് കോളേജിലെ നഴ്സസ് ദിനാഘോഷം ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ ഗവൺമെന്റ് സ്കൂൾ ഓഫ് നഴ്സിംഗ് റിട്ട. പ്രിൻസിപ്പൽ ശ്രീമതി തങ്ക എ. റ്റി. മുഖ്യാതിഥി ആയിരുന്നു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അസി. ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുകാരൻ, ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ ഡോ. ഏഞ്ചല ജ്ഞാനദുരൈ, ജൂബിലി മിഷൻ സ്കൂൾ ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ റവ. സി. റെജി അഗസ്റ്റിൻ, ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗ് വൈസ് പ്രിൻസിപ്പൽ (ക്ലിനിക്കൽ) ഡോ. സി. ട്രീസ ആന്റോ എന്നിവർ പ്രസംഗിച്ചു. തുടർന്ന് 2023 നഴ്സസ് ദിന ചിന്താവിഷയത്തെ ആസ്പദമാക്കിയുള്ള കലാപരിപാടികളും ഉണ്ടായിരുന്നു.



# പ്രഷർ ഇൻജ്വറി അപ്ഡേറ്റ് [CNE]

നഴ്സസ് ദിനത്തോടനുബന്ധിച്ച് നഴ്സിംഗ് ഡിപ്പാർട്ട്മെന്റും ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ട്മെന്റും സംയുക്തമായി 'Pressure Injury an Update' എന്ന വിഷയത്തെപ്പറ്റി ഒരു Continuous Nursing Education (CNE) 2023 മെയ് 11ന് ഉച്ചതിരിഞ്ഞ് 2 മുതൽ 5 വരെ നടത്തുകയുണ്ടായി. മദർ തെരേസ ഹാളിൽ നടന്ന പരിപാടി ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെയും നഴ്സിംഗ് കോളേജിലെയും അദ്ധ്യാപകർ പ്രഷർ ഇൻജ്വറിയുടെ വിവിധ തലങ്ങളെപ്പറ്റി ക്ലാസ്സെടുത്തു. ജൂബിലി മിഷൻ ഹോസ്പിറ്റൽ





ന്യൂറോളജി പ്രൊഫസർ ഡോ. ഫിജു ചാക്കോയുടെ നേതൃത്വത്തിൽ ഒരു പാനൽ ഡിസ്കഷനും നടത്തുകയുണ്ടായി. ഓരോ വാർഡുകളിൽനിന്നും ഇൻചാർജ്, ലിങ്ക് നഴ്സസ്, TOT, ICN, DNS എന്നിവരും പങ്കെടുത്തു.



ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. സിജു ജോസ് (കൺസൾട്ടന്റ് ഫിസിഷ്യൻ, ജനറൽ മെഡിസിൻ), ഡോ. ആൽഫി ജെ. കവലക്കാട്ട് (അസോ. പ്രൊഫസർ, ജനറൽ സർജറി), ഡോ. റെനി ബെന്നി (അസി. പ്രൊഫ., പി. എം. ആർ.), ഡോ. ജോസ് ടി. എം. (പ്രൊഫ. & എച്ച്. ഒ. ഡി. ഓർത്തോപീഡിക്സ്), ഡോ. ജെറി ഇറാലി (പ്രൊഫ. & എച്ച്. ഒ. ഡി., ജനറൽ മെഡിസിൻ), ഡോ. ബാബു വർഗ്ഗീസ് എ. ജെ. (പ്രൊഫ. & എച്ച്. ഒ. ഡി. പി. എം. ആർ.), ഡോ. പ്രത്യോദ് കെ. എം. (പ്രൊഫ. & എച്ച്. ഒ. ഡി., പ്ലാസ്റ്റിക് സർജറി & ബേൺസ്), ഡോ. നവിൻ ഐസക് ജോൺ (സീനിയർ കൺസൾട്ടന്റ്, പ്ലാസ്റ്റിക് സർജറി & ബേൺസ്), ഡോ. ഹേമന്ത് അരവിന്ദ്കുമാർ സാങ്‌വി (സീനിയർ കൺസൾട്ടന്റ്, പ്ലാസ്റ്റിക് സർജറി & ബേൺസ്) എന്നിവരും ക്ലാസ്സുകൾ എടുത്തു.

നഴ്സിങ്ങ് സൂപ്രണ്ട് സി. മെറ്റിൽഡയുടെ നന്ദിയോടുകൂടി സി. എൻ. ഇ. അവസാനിച്ചു.




# കാർഡിയാക് ഇമേജിങ്ങ് തുടർ പഠനപരിശീലനം



റേഡിയോളജി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ 2023 മെയ് 7ന് കാർഡിയാക് ഇമേജിങ്ങിനെക്കുറിച്ച് തുടർപഠന പരിശീലനം നടത്തി. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ജൂബിലി മിഷൻ ആശുപത്രി റേഡിയോളജി വിഭാഗം മേധാവി പ്രൊഫസർ ഡോ. എം. ആർ. ബാലചന്ദ്രൻനായർ സ്വാഗതം ആശംസിച്ചു. സംസ്ഥാനതലത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ ഡോ. അമൽ ആന്റണി (IRIA പ്രസിഡന്റ്), ഡോ. റിജോ മാത്യു (ചീഫ് കൺസൾട്ടന്റ്, അമ്മ സ്കാൻ സെന്റർ, കൊച്ചി), ഡോ. രാജേഷ് കണ്ണൻ (പ്രൊഫസർ, റേഡിയോ ഡയഗ്നോസിസ്, എയിംസ്, കൊച്ചി), ഡോ. ഗോവിന്ദനുണ്ണി (പ്രൊഫസർ & എച്ച്. ഒ. ഡി. കാർഡിയോളജി) തുടങ്ങിയവർ ആശംസകൾ അറിയിച്ചു. തുടർന്ന് കാർഡിയോളജി, റേഡിയോളജി രംഗത്ത് പ്രഗത്ഭ ഡോക്ടേഴ്സായ ഡോ. ഗോവിന്ദനുണ്ണി, ഡോ. ബ്രഹ്മ

ദത്തൻ (പ്രൊഫസർ& എച്ച്. ഒ. ഡി. റേഡിയോളജി, എം. ഇ. എസ്. എം. സി. പെരിന്തൽമണ്ണ), ഡോ. അവനി സ്കന്ദൻ (ലീഡ് കൺസൾട്ടന്റ്, റേഡിയോ ഡയഗ്നോസിസ്, ആസ്റ്റർ മിംസ്), ഡോ. അനൂപ് (അസോ. പ്രൊഫസർ. റേഡിയോ ഡയഗ്നോസിസ്, എസ്. സി. ടി. ഐ. എം. എസി. ടി. തിരുവനന്തപുരം), ഡോ. രാജീവ് ആനന്ദ് (ഡയറക്ടർ & എച്ച്. ഒ. ഡി. റേഡിയോ ഡയഗ്നോസിസ്, വെൽകെയർ ഹോസ്പിറ്റൽ, എറണാകുളം), ഡോ. ജോസഫ് വർഗ്ഗീസ് (അസി. പ്രൊഫസർ. റേഡിയോ ഡയഗ്നോസിസ്, ജെ. എം. എം. സി. & ആർ. ഐ.), ഡോ. രാം ചരൺ (എസ്. ആർ. കാർഡിയോളജി, ജെ. എം. എം. സി. & ആർ. ഐ.) തുടങ്ങിയവർ ക്ലാസ്സുകൾ എടുത്തു.

## പുസ്തകപ്രകാശനം




ഡോ. ജോസഫ് വർഗ്ഗീസ് ആട്ടോക്കാരന്റെ 'മാനുവൽ ഓഫ് പ്രാക്ടിക്കൽ റേഡിയോളജി' എന്ന പുസ്തകം ഗവ. മെഡിക്കൽ കോളേജിൽ നടന്ന ബിയോൺ ഫിറ്റാലെ ഫീറ്റൽ റേഡിയോളജി സമ്മേളനത്തിൽ വച്ച് ഐ. ആർ. ഐ. എ. കേരള പ്രസിഡന്റ് ഡോ. അമൽ ആന്റണിയും ഐ. സി. ആർ. ഐ. അംഗം ഡോ. റിജോ മാത്യുവും ചേർന്ന് പ്രകാശനം ചെയ്തു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് റേഡിയോളജി വിഭാഗം മേധാവി ഡോ. ബാലചന്ദ്രൻ നായർ ആദ്യ കോപ്പി ഏറ്റുവാങ്ങി.




# ജൂബിലിയിൽ ഗവേഷണദിന സമ്മേളനം

ജൂബിലി ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ, ജൂബിലി മിഷൻ ഹോസ്പിറ്റൽ ട്രസ്റ്റിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർക്കായി ഗവേഷണദിനം സംഘടിപ്പിച്ചു. ആരോഗ്യ സർവ്വകലാശാല റിസർച്ച് ഡീൻ ഡോ. കെ. എസ്. ഷാജി ഉദ്ഘാടനം ചെയ്തു. മെഡിക്കൽ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾ, മെഡിക്കൽ കോളേജ് ഡോക്ടർമാർ, നേഴ്സിങ്ങ് വിദ്യാർത്ഥികൾ, അധ്യാപകർ, ഗവേഷകർ, പി. എച്ച്. ഡി. വിദ്യാർത്ഥികൾ, പോസ്റ്റ് ഡോക്ടറൽ ഗവേഷകർ എന്നീ വിഭാഗങ്ങളിലായി 35 ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. പ്രബന്ധങ്ങളുടെ സംക്ഷിപ്തരൂപം ISBN നമ്പർ ഉള്ള പുസ്തകമായി ഡോ. ഷാജി പ്രകാശനം ചെയ്തു. മെഡിക്കൽ ബിരുദ വിദ്യാർത്ഥികളുടെ ഗവേഷണ പ്രോത്സാഹന സംഘ



ടനയുടെ വാർത്താപത്രികയും പ്രകാശനം ചെയ്തു. ഗവേഷണ കേന്ദ്രത്തിന്റെ ദശവത്സര ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച ആഘോഷപരിപാടിയിൽ കഴിഞ്ഞ വർഷങ്ങളിൽ സർക്കാർ, മറ്റു ഇതര ഏജൻസികളുടെ സാമ്പത്തിക സഹായത്തോടെ ഗവേഷണ പദ്ധതികൾ നടത്തിയവർക്ക് അനുമോദന പത്രങ്ങൾ ഡോ. ഷാജി സമ്മാനിച്ചു. ഏഴു വിഭാഗങ്ങ




Dr. Aswath Kumar
Obsterics & Gynaecology



Dr. Chithra Valsan
Microbiology



Dr. Rajeev P C
Emergency Medicine



Dr. Neetha George
Obsteris & Gynaecology



Dr. Siju V Abraham
Emergency Medicine



Dr. Geomy G C
Psychiatry



Dr. Supriya Adiyodi
Pulmonology



Dr. Gibi George
Paediatrics







ളിൽ തിരഞ്ഞെടുത്തവർക്ക് നല്ല പ്രബന്ധത്തിനുള്ള ഉപഹാരം നൽകി. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ച് ഡയറക്ടർ ഡോ. ഡി. എം. വാസുദേവൻ, നേഴ്സിങ്ങ് കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. സി. ഫിലോ രശ്മി, ജൂബിലി റിസർച്ച് കോർഡിനേറ്റർ ഡോ. പി. ആർ. വർഗ്ഗീസ് എന്നിവർ വിവിധ പരിപാടികളിൽ പങ്കെടുത്തു.

JOURNAL CLUB








RESEARCH WINGS

# വേദനസംഹാരികൾ ഫലപ്രദമോ... സുരക്ഷിതമോ...



JCMRന്റെ ആഭിമുഖ്യത്തിൽ 60-ാമത് ജേർണൽ ക്ലബ്ബ് മേയ് 17, ബുധൻ ന്യൂ സി. സി. എം. ഹാളിൽ നടന്നു. അനസ്തേഷ്യ, പെയിൻ മെഡിസിൻ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. ബിജോയ് ചിറയത്ത് ആയിരുന്നു പ്രഭാഷകൻ.

ബ്രിട്ടീഷ് മെഡിക്കൽ ജേർണൽ 2023ൽ പ്രസിദ്ധീകരിച്ച 'വേദനസംഹാരികൾ എപ്രകാരം ഫലപ്രദവും സുരക്ഷിതവുമാണ് നടുവേദനയിൽ - ഒരു താരതമ്യപഠനം' എന്നതായിരുന്നു അവതരണ വിഷയം. വേദനസംഹാരികൾ നടുവേദനയ്ക്ക് ഉപയോഗിക്കുന്നതിലെ വിവേചനാബുദ്ധിയും ദുരുപയോഗത്തിന്റെ ദോഷഫലവും ഈ പഠനത്തിന്റെ വെളിച്ചത്തിൽ ഡോ. ബിജോയ് പ്രതിപാദിച്ചു. തുടർന്നുള്ള ചർച്ചയിൽ ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ച് കോഡിനേറ്റർ ഡോ. പി. ആർ. വർഗ്ഗീസ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ക്വാളിറ്റി അക്രെഡിറ്റേഷൻ ചീഫ് കോഡിനേറ്റർ ഡോ. ആൻഡ്രൂസ് കാക്കനാട്ട്, പത്തോളജി അസി. പ്രൊഫസർ ഡോ. വെനേസ്സാ ടി. ജോൺ എന്നിവർ വേദനസംഹാരികളുടെ ഉപയോഗത്തിന്റെ പ്രായോഗികതലങ്ങളെയും അതിന്റെ ഗവേഷണ സാദ്ധ്യതകളെപ്പറ്റിയും അഭിപ്രായങ്ങൾ രേഖപ്പെടുത്തി.



BONE - ANCHORED HEARING AID

# ബാഹ ഇംപ്ലാന്റ് ശസ്ത്രക്രിയ വിജയകരം

ബോൺ അൻഗെർഡ് ഹിയറിങ്ങ് എയ്ഡ് (ബാഹ) ഇംപ്ലാന്റ് തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ വിജയകരമായി പൂർത്തീകരിച്ചു. രണ്ടാം തലമുറയിൽപെട്ട 'ബാഹ' ശ്രവണ സഹായി കേരളത്തിൽ ആദ്യമായാണ് ഘടിപ്പിക്കുന്നത്.

ജന്മനാൽ ഇരു ചെവിക്കും ദ്വാരം ഇല്ലാത്ത ഇയർ കനാൽ അട്രേഷ്യ എന്ന അവസ്ഥയെ മറികടക്കാൻ സാധാരണ ശ്രവണ സഹായിക്ക് സാധിക്കാത്തതിനാലാണ് തലയോട്ടിയുടെമേൽ ചെവിയോട് ചേർന്ന് ശസ്ത്രക്രിയയിലൂടെ ശ്രവണയന്ത്രം ഘടിപ്പിക്കുന്നത്. കേരളത്തിൽ ആദ്യമായി ഘടിപ്പിക്കുന്ന രണ്ടാം തലമുറയിൽപെട്ട 'ബാഹ', ആദ്യ തലമുറയിൽപെട്ട ശ്രവണയന്ത്രം ഘടിപ്പിക്കുന്നത്പോലെ, രണ്ട് ശസ്ത്രക്രിയയുടെ ആവശ്യം വരുന്നില്ല. മാത്രമല്ല, പൂർണ്ണമായും തൊലിയുടെ ഉള്ളിൽ സ്ഥാപിക്കുന്നതിനാൽ ശരീരത്തിന്റെ പുറത്ത് കാണുവാൻ സാധിക്കുന്നതല്ല.

ഒന്നര മണിക്കൂർ നീണ്ടുനിന്ന ശസ്ത്രക്രിയയിലൂടെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഇ. എൻ. ടി. വിഭാഗം അസോ. പ്രൊഫസർ ഡോ. രമേഷ്കുമാർ ഇ. ആണ് കേച്ചേരി സ്വദേശിയായ 10 വയസ്സുകാരി അക്ഷിതയ്ക്ക് ബാഹ ശ്രവണസഹായി ഘടിപ്പിച്ചത്.









# ഫയർ & സേഫ്റ്റി ട്രെയിനിംഗ്

തൃശ്ശൂർ ഫയർ ആൻഡ് റെസ്ക്യൂ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 2023 മെയ് 3ന് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ ഫയർ & സേഫ്റ്റി ട്രെയിനിങ്ങ് സംഘടിപ്പിച്ചു. തൃശ്ശൂർ ജില്ലാ ഫയർ ഓഫീസർ ശ്രീ. അരുൺ ഭാസ്കറിന്റെ നേതൃത്വത്തിലുള്ള ടീം അംഗങ്ങളാണ് ട്രെയിനിങ്ങ് നടത്തിയത്. ഇൻഡോർ സെഷനും ഔട്ട്ഡോർ സെഷനുമായിട്ടാണ് ഈ ട്രെയിനിങ്ങ് പ്രോഗ്രാം നടത്തിയത്.

ഹോസ്പിറ്റലിലെ അഗ്നിസുരക്ഷയെക്കുറിച്ചും അതുപോലെ ഹോസ്പിറ്റലിൽ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ജില്ലാ ഫയർ ഓഫീസർ ബോധവൽക്കരണം നടത്തി. ഹോസ്പിറ്റലിൽ വരുന്ന ആളുകളുടെ ജീവനും സ്വത്തും, തീയിൽനിന്നും മറ്റ് അപകടങ്ങളിൽനിന്നും സംരക്ഷിക്കേണ്ട ചുമതല അഗ്നിശമനസേനയെപ്പോലെതന്നെ ഹോസ്പിറ്റൽ ജീവനക്കാരുടെയും ഉത്തരവാദിത്ത്വമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

ഹോസ്പിറ്റലിൽ ഒരു അഗ്നിബാധ ഉണ്ടാകാൻ സാധ്യതയുള്ള കാര്യങ്ങളേതൊക്കെയാണെന്നും അതിനെ എങ്ങനെ പ്രതിരോധിക്കാം എന്നും, ഒരു അഗ്നിബാധ ഉണ്ടായാൽ സ്വീക

രിക്കേണ്ട നടപടികളെക്കുറിച്ചും രക്ഷാപ്രവർത്തനം നടത്തേണ്ടതെങ്ങിനെയെന്നും കൃത്യമായി വിശദീകരിച്ചു.

അഗ്നിസുരക്ഷാ സംവിധാനങ്ങളായ fire extinguishers, fire hydrant system, automatic detection and alarm system, automatic sprinkler system, fire pumps എന്നിവയുടെ ഉപയോഗത്തെക്കുറിച്ചും ഇവ കൃത്യമായി പരിപാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ജില്ലാ ഫയർ ഓഫീസർ വിവരണം നടത്തി. അടുത്ത കാലത്തായി നിരവധി ഹോസ്പിറ്റലുകളിൽ ഫയർ ഇൻസിഡന്റ്സ് കൂടുതലായി ഉണ്ടാകുന്നതിനെക്കുറിച്ചും നമ്മുടെ ഹോസ്പിറ്റലിൽ അങ്ങിനെയുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എല്ലാവരും അതീവജാഗ്രത പുലർത്തണമെന്നും ഓർമിപ്പിച്ചു.



ഡയമണ്ട് ജൂബിലി ബ്ലോക്കിലെ ഗ്രൗണ്ട് ഫ്ളോറിൽ നടന്ന ഇൻഡോർ സെഷനു ശേഷം ഡയമണ്ട് ജൂബിലി ബ്ലോക്കിന്റെയും സെന്റ് തോമസ് ബ്ലോക്കിന്റെയും ഇടയിലുള്ള ഗ്രൗണ്ടിൽവച്ച് fire extinguisher ഉപയോഗിച്ച് തീ അണയ്ക്കുന്നതിനും ട്രെയിനിങ്ങ് നടത്തി. അതോടൊപ്പം ഹോസ്പിറ്റലിൽ ഇൻസ്റ്റാൾ ചെയ്തിട്ടുള്ള Hose reels, Canvas hose എന്നിവ ഉപയോഗിച്ച് കൃത്യമായി തീയണക്കുന്നത് എങ്ങിനെയെന്ന് ഹോസ്പിറ്റൽ സ്റ്റാഫുകൾക്കു തൃശൂർ ജില്ലാ ഫയർ ഓഫീസർ ശ്രീ. അരുൺ ഭാസ്കറിന്റെ നേതൃത്വത്തിൽ തന്നെ ട്രെയിനിങ്ങ് നൽകി. ഹോസ്പിറ്റൽ മാനേജ്മെന്റ് പ്രതിനിധികളും വിവിധ ഡിപ്പാർട്ട്മെന്റുകളിലെ സ്റ്റാഫുകളും ഈ ട്രെയിനിങ്ങ് പ്രോഗ്രാമിൽ പങ്കെടുത്തു.

ട്രെയിനിങ്ങ് സെഷനുശേഷം ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ജില്ലാ ഫയർ ഓഫീസർക്ക് നന്ദിയർപ്പിക്കുകയും ഉപഹാരം നൽകി ആദരിക്കുകയും ചെയ്തു.






ആരവ സ്പോർട്സ് മീറ്റ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ഏപ്രിൽ 17 2023 മുതൽ മെയ് 13 2023 വരെ സംഘടിപ്പിച്ചു.

വിവിധ കായിക ഇനങ്ങളുടെ മത്സരങ്ങൾ ഏപ്രിൽ 19ന് ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, ജൂബിലി മിഷൻ ഹോസ്പിറ്റൽ മെഡിക്കൽ സൂപ്രണ്ട് ഡോ. പി സി ഗിൽവാസ്, മെഡിക്കൽ കോളേജ് ചീഫ് കോഓഡിനേറ്റർ ക്വാളിറ്റി അക്രെഡിറ്റേഷൻ ഡോ. സി വി ആൻഡ്രൂസ്, ഒബ്സ്റ്ററിക്സ് & ഗൈനക്കോളജി പ്രൊഫസർ ഡോ. അശ്വത്












കുമാർ ആർ., ജൂബിലി മെഡിക്കൽ കോളേജ് ഫിസിക്കൽ എഡ്യൂക്കേഷൻ ഇൻചാർജ് ജോർജ് ഇ. ജെ. എന്നിവർ ചേർന്ന് ഉദ്ഘാടനം നിർവഹിച്ചു. കാരംസ്, ബാഡ്മിന്റൺ, ടേബിൾ ടെന്നീസ്, വോളിബോൾ, ഖോ ഖോ, ക്രിക്കറ്റ്, ബാസ്കറ്റ് ബോൾ, ഫുട്ബോൾ എന്നിങ്ങനെ ഉള്ളവയായിരുന്നു മറ്റു കായിക ഇനങ്ങൾ. മെയ് 13 ന് അത്‌ലറ്റിക് ഇനങ്ങളുടെ ഉദ്ഘാടനം പ്രമുഖ കായികതാരവും 2010 ലെ ഏഷ്യൻ ഇൻഡോർ ചാമ്പ്യനും രണ്ടു തവണ സൗത്ത് ഏഷ്യൻ ഗെയിംസ് റിലേ സ്വർണ മെഡൽ ജേതാവുമായിരുന്ന ബിബിൻ മാത്യു നിർവഹിച്ചു. വാശിയേറിയ പോരാട്ടത്തിനൊടുവിൽ 2020 ബാച്ച് മാർഷൽസ് വിജയികളായി. വ്യക്തിഗത ഇനങ്ങളിൽ കിരൺ ജോഷിയും (18-ാം ബാച്ച്) ലിസ ടോംസും (20-ാം ബാച്ച്) വിജയികളായി. വിജയികൾക്ക് ജൂബിലി സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സമ്മാന ദാനം നിർവഹിച്ചു.



# ദൃശ്യവിരുന്നൊരുക്കി കഥകളി







ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ നാട്യോത്സവമായി ദുര്യോധനവധം കഥകളി അരങ്ങേറി. നവരസ ആർട്ട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 2023 മെയ് അഞ്ചിന് മദർ തെരേസ ഹാളിൽ വച്ചാണ് നയന മനോഹരമായ കഥകളി നൈറ്റ് നടന്നത്. കഥകളിയുടെ ഭാഗമായി ഗ്രീൻ റൂം വിസിറ്റിങ്ങിനും ചമയം കാണുന്നതിനുമുള്ള സൗകര്യവും ഒരുക്കിയിരുന്നു. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ ദീപം തെളിയിച്ചു കഥകളി നൈറ്റ് ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ പല ഭാഗങ്ങളിൽനിന്നുള്ള ഇരുപതോളം പ്രശസ്ത കലാകാരന്മാർ അണിയിച്ചൊരുക്കിയ വേദി ഏവർക്കും ആനന്ദകരമായി. കലാമണ്ഡലം കൃഷ്ണകുമാർ, കലാമണ്ഡലം ഉണ്ണികൃഷ്ണൻ, കോട്ടക്കൽ മധു എന്നിവർ പങ്കെടുത്തവരിൽ പ്രമുഖരായിരുന്നു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ന്യൂറോളജി റസിഡന്റ് ഡോ. ഗായത്രി ശ്രീകുമാറും കഥകളിയുടെ ഭാഗമായി. കാണികൾക്കെല്ലാം ഒരു നല്ല ദൃശ്യവിരുന്നായിരുന്നു ഈ കഥകളി നൈറ്റ്.

# Congratulations!



ലണ്ടനിലെ റോയൽ കോളേജ് ഓഫ് ഫിസിഷ്യൻസിന്റെ ഫെലോഷിപ്പിന് അർഹനായ ജൂബിലി മിഷൻ ഹോസ്പിറ്റൽ മെഡിക്കൽ സൂപ്രണ്ട് ഡോ. പി. സി. ഗിൽവാസിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



ലണ്ടനിലെ റോയൽ കോളേജ് ഓഫ് ഫിസിഷ്യൻസിന്റെ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇന്റേണൽ മെഡിസിന് അർഹനായ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ജനറൽ മെഡിസിൻ വിഭാഗം ഡോ. സന്തീവ് എസിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.





രാജഗിരി ഹോസ്പിറ്റൽ, കൊച്ചിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച Oncopath - 2 ഡയഗനോസ്റ്റിക് ചലഞ്ചസ്, സി. എം. ഇ. യുടെ ഭാഗമായി നടത്തിയ പോസ്റ്റർ പ്രസന്റേഷനിൽ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയ പത്തോളജി ഡിപ്പാർട്ട്മെന്റിലെ പി. ജി. വിദ്യാർത്ഥികളായ ഡോ. വിഷ്ണു അശോകിനും ഡോ. ടിനു ജോസഫിനും അവരെ ഗൈഡ് ചെയ്ത അസി. പ്രൊഫസർ ഡോ. രോഹിണി സെബാസ്റ്റ്യനും ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് എമർജൻസി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച EMCAM- 2023ൽ പോസ്റ്റർ കോംപിറ്റീഷനിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ എമർജൻസി മെഡിസിൻ പി. ജി. വിദ്യാർത്ഥി (റസിഡന്റ് എം. ഡി.) ഡോ. റോഷൻ ബെന്നിക്ക് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

# Congratulations!

IMA പാലക്കാടിന്റെ നേതൃത്വത്തിൽ നടത്തിയ MED MAVENS 2023യിൽ ജനറൽ മെഡിസിൻ ക്വിസ് കോമ്പറ്റീഷനിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ 16-ാം ബാച്ചിലെ എം. ബി. ബി. എസ്. വിദ്യാർത്ഥികളായ അനീഷ നാസറിനും അലീന സി. ആന്റണിക്കും ജൂബിലി കുടുംബത്തിന്റെ അഭിനന്ദങ്ങൾ.





പരിയാരം ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച Pathkan - 2023 Updates in Uropathology യിൽ പ്രഭാഷണം നടത്തിയ പത്തോളജി ഡിപ്പാർട്ട്മെന്റിലെ ഡോ. പ്രൊഫ. ദീപ്തി വിജയരാഘവന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ



# Thank you – Happily Retired

പതിമൂന്നു വർഷത്തിലേറെ ജൂബിലി മിഷൻ ആശുപത്രിയിൽ ഹെഡ് നഴ്സായി സേവനം അനുഷ്ഠിച്ച സി. ലളിത സി. എച്ച്. എഫിന് (ജോസ്ഫീന സി. എ.) ജൂബിലി കുടുംബത്തിന്റെ യാത്രാമംഗളങ്ങൾ.



പതിമൂന്നു വർഷത്തോളം ജൂബിലി മിഷൻ ആശുപത്രിയിൽ നഴ്സിംഗ് അറ്റൻഡന്റായി സേവനം അനുഷ്ഠിച്ച ലില്ലി ജോൺസന് ജൂബിലി കുടുംബത്തിന്റെ യാത്രാമംഗളങ്ങൾ.






# ANTIMICROBIAL RESISTENCE: THE SILENT PANDEMIC

Antimicrobial resistance (AMR) has emerged as one of the principal public health problems of the 21st century that threatens the effective prevention and treatment of an ever-increasing range of infections caused by bacteria, parasites, viruses and fungi no longer susceptible to the common medicines used to treat them. Over several decades, to varying degrees, bacteria causing common or severe infections have developed resistance to each new antibiotic coming to market. Faced with this reality, the need for action to avert a developing global crisis in health care is imperative.

WHO has declared that AMR is one of the top 10 global public health threats facing humanity.

A mix of poor public health systems, hospital acquired infections, high rates of infectious diseases, availability of inexpensive antibiotics, and rising income is coming together to cause increased prevalence of resistant pathogens in India. The data analysis done by ICMR between January 1 and December 31, 2021, pointed towards a sustained increase in drug-resistant pathogens, resulting in difficulty to treat life threatening infections with available medicines. As stated by ICMR "Antibiotic resistance has the potential of taking the form of a pandemic in the near future if corrective measures are not taken immediately"

## The impending threat:

According to recent estimates, in 2019, 1.27 million deaths were directly attributed to drug-resistant infections globally. By 2050, up to 10 million deaths could occur annually.

## Antibiotic use in India:




(Fig 1) Trends in antibiotic consumption in India (2000-2010)

In India, ampicillin and co-trimoxazole use is declining, while quinolone consumption is high. Rates of carbapenem use per capita are low compared to other antibiotics in 2000 but had risen to over 10 million standard units by 2010(Fig 1)

## The alarming situation:

A big chunk of patients in India may no longer benefit from carbapenems (Eg: Imipenem, Meropenem), a powerful class of antibiotics administered mainly in ICU settings to treat pneumonia and septicemia, as most gram negative pathogens have developed antimicrobial resistance to it. Of particular note is the increase in strains bearing metallo-β-lactamases that inactivate carbapenems. With diminishing options for treating carbapenem resistant Klebsiellae, multidrug resistant Acinetobacter baumannii etc., colistin becomes the last resort treatment in critical infections. Thus colistin use is increasing. But now resistance to colistin is also on the rise (including our hospital).



Gram-positive bacterial infections are also a problem. High rates of methicillin-resistant Staphylococcus aureus (MRSA) in clinical isolates from various studies in India have been documented, with rates as high as 54.8% (ranging between 32% and 80%) recorded

## *How microbes develop resistance?*

Antibiotic resistance is a natural phenomenon that occurs when microorganisms are exposed to antibiotic drugs. Under the selective pressure of antibiotics, susceptible bacteria are killed or inhibited, while resistant bacteria have a greater chance to survive and multiply.

Millions of kilograms of antimicrobials are used each year in the prophylaxis and treatment of people, animals and agriculture globally, driving the resistance problem by killing susceptible strains and selecting those that are resistant.

## *Factors contributing to increasing drug resistance:*

Misuse and overuse of antimicrobials are the main drivers in the development of drug-resistant pathogens. In 2010, India was the world's largest consumer of antibiotics for human health at 12.9 x 109 units (10.7 units per person).



Over-the-counter, non prescription sales of antibiotics in India are among the highest in the world and contribute to growing resistance.

Growing antibiotic use in the animal sector as growth promoters is resulting in a greater selection of pathogens and is being driven by increased demand for meat and poultry

Environmental antibiotic pollution encourages the transfer of resistance genes to human commensal and pathogenic bacteria

## Need for coordinated action:

AMR is a complex problem that requires a united multisectoral approach. The One Health approach brings together multiple sectors and stakeholders engaged in human, terrestrial and aquatic, animal and plant health, food production and the environment to communicate and work together in the design and implementation of programmes, policies, legislation and research to attain better public health outcomes.

**Measures to prevent and control the spread of antibiotic resistance in a hospital setting:**



- Use antibiotics more prudently. The appropriate use of the antibiotics can not only help to reverse high resistance frequencies, but also can curb the emergence of new resistance
- Adhere to hospital antibiotic guidelines /policy as they are based on the hospital antibiogram
- Prescribe and dispense antibiotics only when they are needed, according to current guidelines
- Practice evidence based medicine by utilising the microbiology laboratory and culture facilities in all possible situations. Practice escalation / de-escalation approach based on culture results if available.

- Avail the help of rapid point of care tests(POCT) or biomarkers to make a decision on antibiotic usage
- Avoid under dosing of the antibiotics – it helps selection of drug resistant mutants
- Avoid overlapping spectrum of antibiotics as it increases unnecessary exposure of drugs to bugs
- Isolate / cohort patients having infection with multidrug resistant bugs and stick on to strict contact precautions
- Stop giving antibiotics for surgical prophylaxis beyond the specified period
- Make your patients aware about how to take antibiotics correctly, antibiotic resistance  and preventing infections by adhering to hygienic measures .
- Perfect infection control pratices in health care setting . Ensure hand hygiene



Act now. Without urgent action, we will be returning to the pre-antibiotic era, in which common infections and minor injuries can once again kill.

**Dr.Chithra Valsan**
Professor,  MC Microbiology

# കൈ എത്തും ദൂരത്ത് പോലീസ് എയ്ഡ് പോസ്റ്റ്




ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പോലീസ് എയ്ഡ് പോസ്റ്റ് വീണ്ടും പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ജൂബിലി മിഷൻ ആശുപത്രിയിലെ അത്യാഹിതവിഭാഗത്തിന് സമീപമാണ് പോലീസ് എയ്ഡ് പോസ്റ്റ് പ്രവർത്തിക്കുന്നത്. 24 മണിക്കൂറും പോലീസിന്റെ സേവനം ആശുപത്രിയിൽ ഇത് ഉറപ്പു വരുത്തുന്നു. ഒരു ദിവസത്തിൽ ജീവനക്കാരും രോഗികളും അവരുടെ കൂടെ വന്നവരും മറ്റുമായി ഏകദേശം ഏഴായിരത്തിലധികം പേരുടെ സാന്നിധ്യം ആശുപത്രിയിലും അനുബന്ധ സ്ഥലങ്ങളിലും ഉണ്ട്. ഇവരുടെ എല്ലാവരുടെയും സുരക്ഷക്കായി കൈ എത്തും ദൂരത്തുള്ള പോലീസ് സേവനം പോലീസ് എയ്ഡ് പോസ്റ്റ് ഉറപ്പു വരുത്തുന്നു.

# Welcome to Jubilee Family

| | |
|---|---|
| Dr. Anu Franco | Psychiatry |
| Dr. Shabnam Abu | M C Pathology |
| Dr. Mimith S S | Neurosurgery |
| Dr. Belma Rose | M C Biochemistry |
| Dr. Sharon Sahayam | Neurosurgery |
| Dr. Keertnana Saidharan | Emergency Medicine |
| Dr. Marwan Sharif | Surgical Oncology |
| Dr. Carmmel Rose | Vascular Surgery |
| Dr. George M G | Plastci Surgery & Burns |
| Sr. Mary Lucy | Pastoral Care |
| Sr. Reena Therese | JMCON |
| Mr. Saneesh P | IT Department |
| Ms. Nikitha A | Quality |
| Mr. Joby Johnson | HRD |
| Mrs. Nimmy Inasu K | HRD |
| Mrs. Soumya Vincent | Central Laboratory |
| Ms. Anjaly C V | Anaesthesia |
| Ms. Bincy P S | Anaesthesia |
| Mrs. Nimmi T A | Ayurveda |
| Mrs. Reshma Manoharan | M C Pathology |
| Mrs. Saritha Saji | Canteen |
| Mr. Boby A F | Canteen |
| Mrs. Aleena Saji | Medical Records |
| Mrs. Vibitha C B | Medical Records |
| Mrs. Shina A James | Medical Records |
| Ms. Jisna K B | Pharmacy |
| Ms. Sandra K Babu | Pharmacy |
| Ms. Jisna Aji | Pharmacy |
| Mrs. Aswathy K S | Auxiliary Nursing |
| Ms. Dayana M O | Auxiliary Nursing |
| Mrs. Aleena P A | Auxiliary Nursing |
| Mrs. Ancy P S | Auxiliary Nursing |
| Mrs. Sandhya K S | Auxiliary Nursing |



## NURSING

Sr. Ann Julia
Sr. Sophy
Mrs. Anusha T V
Mrs. Sofiya Manoj
Ms. Aleena Biju
Ms. Varsha T B
Mrs. Aleena Kurian
Ms. Riya Varghese
Ms. Vismaya K V
Mrs. Tintu Biju
Sr. Laya
Ms. Jisna C O
Ms. Sneha Antony
Ms. Merin Baiju
Mrs. Leena George M
Ms. Neethu James
Mrs. Melfi Raphel
Mrs. Josy Jose
Ms. Rosmy C J
Mrs. Tinimol Thomas
Ms. Neenu James
Mrs. Soniya K John
Ms. Dincy Davis
Ms. Sofy Sebastian
Ms. Sinimol P M
Mrs. Akshaya Babu
Mrs. Rincy Babu
Mrs. Mileena K Sabu
Mrs. Rainy Mathew
Ms. Asha A J
Ms. Merlin George
Mrs. Angelica Pius



# ഒരാശുപത്രിയോ ദൈവാലയമോ?

മലപ്പുറം ജില്ലയിലെ എടപ്പാളിനടുത്ത കാലടി എന്ന ഗ്രാമത്തിലെ നിർധന കുടുംബാംഗവും പൊതുപ്രവർത്തകനുമായ എനിക്ക് നിരവധി തവണ പല രോഗികളുമായി ജൂബിലി മിഷൻ ഹോസ്പിറ്റലിൽ എത്തി വർഷങ്ങളോളം ബന്ധമുണ്ട്.

എന്റെ മരുമകൻ ജിബിന്റെ (38 വയസ്സ്) ചികിത്സാർത്ഥം വളരെ മാനസികമായ പ്രയാസത്തോടെയാണ് ഈ ആശുപത്രിയിൽ ഞങ്ങൾ എത്തിയത്. മലബാറിലെ വളരെ വലിയ ഒരാശുപത്രിയിൽ നിന്നുമാണ് ഇവിടെ എത്തുന്നത്. നിരവധി പരിശോധനകൾക്കുശേഷം ബൈപാസ് ശസ്ത്രക്രിയ നിർബന്ധമാണ് എന്ന് അറിഞ്ഞ് അതീവദു:ഖത്തിലായനിമിഷം ഡോ. പ്രസന്നകുമാർ, ഡോ. ജോൺ തുടങ്ങിയവരുടെ സമീപനം, ആശ്വാസവാക്കുകൾ എന്നിവ വഴി ദൈവത്തെ നേരിൽ കണ്ട തോന്നലുണ്ടായി.


Together,
We are the
Patient Experience !


പുഞ്ചിരിയും സ്നേഹവും മാത്രമറിയാവുന്ന സിസ്റ്റേഴ്സ്, ആശ്വസിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന സെക്യൂരിറ്റി ജീവനക്കാർ. ഇത് ഒരാശുപത്രിയോ ദൈവാലയമോ എന്ന് ചിന്തിച്ചുപോയ നിമിഷങ്ങൾ. കാർഡിയോളജി ഡിപ്പാർട്ട്മെന്റിലെ ഡോ. പ്രസന്നകുമാറിനും ഡോ. ജോണിനും കാർഡിയോളജി വാർഡിലെ നഴ്സുമാർക്കും അറ്റൻഡന്റുമാർക്കും ഒത്തിരി നന്ദി.

സംതൃപ്തിയോടെ
**ടി. പി. മോഹനൻ**

# മഴക്കാല രോഗങ്ങൾക്ക് ആയുർവേദ പ്രതിരോധം



ആയുർവേദത്തിലെ പരമ്പരാഗത ചികിത്സാരീതികളെ ഏറ്റവുമധികം പ്രയോജനപ്പെടുത്താവുന്ന കാലയളവാണ് മൺസൂൺ. മഴക്കാലത്താണ് മനുഷ്യശരീരം ഏറ്റവും ദുർബലമാകുന്നതും പ്രതിരോധ ശേഷി ഏറ്റവും കുറയുന്നതും. രോഗാണുക്കൾ പെറ്റുപെരുകുന്നതും ഈ കാലത്താണ്. മഴക്കാലം ആഗതമാകുന്നതോടെ പല അസുഖങ്ങളും കൂടുതലായി കാണാറുണ്ട്.

കൂടുതലായും ജലത്തിലൂടെയും കൊതുകു വഴിയും പകരുന്ന രോഗങ്ങളാണ് മഴക്കാലത്ത് കണ്ടു വരുന്നത്. ജലദോഷം മുതൽ ഡെങ്കിപ്പനി, എലിപ്പനി, ടൈഫോയ്ഡ്, ചിക്കുൻ ഗുനിയ, വളംകടി, മലേറിയ, ചർദ്ദി, വയറിളക്കം, കോളറ, മഞ്ഞപ്പിത്തം മുതലായ രോഗങ്ങളും കൂടുതലായി കാണപ്പെടുന്ന ഒരു സമയം കൂടിയാണിത്. അതിനാൽ ആരോഗ്യ സംരക്ഷണത്തിന് വളരെയധികം പ്രാധാന്യം നൽകേണ്ടതുണ്ട്.

ചെറിയ അശ്രദ്ധകൾ കാരണം വലിയ അസുഖങ്ങൾ വരുത്താതിരിക്കാനും എന്നാൽ കൃത്യമായ ഇടപെടലുകളിലൂടെ സമൂഹത്തെ രോഗങ്ങളിൽ നിന്ന് രക്ഷിക്കാനും കഴിയണം.

## കർക്കിടക ചികിത്സ

ദീർഘകാല ക്ഷേമത്തിനായി ശാരീരികവും മാനസികവും ആത്മീയവുമായ ആരോഗ്യത്തെ പോഷിപ്പിക്കുന്ന ഒരു പരമ്പരാഗതചികിത്സാ രീതിയാണ് കർക്കിടക ചികിത്സ. കേരള ത്തിലെ സവിശേഷസാഹചര്യങ്ങൾ കൊണ്ടും കാലാവസ്ഥയുടെ പ്രത്യേകതകൾ കൊണ്ടുമാണ് കർക്കിടകം ആരോഗ്യരക്ഷയുടെ കാലമായി മാറിയത്.



ശരീരത്തെ നിയന്ത്രിക്കുന്ന മൂന്ന് പ്രധാന ദോഷങ്ങളായ വാത, പിത്ത, കഫദോഷങ്ങളെ മനസ്സിലാക്കുന്നതിലൂടെയാണ് ഇത് ആരംഭിക്കുന്നത്. ഈ കാലയളവിൽ നടത്തുന്ന ചികിത്സകൾക്ക് വളരെയധികം പ്രാധാന്യമുണ്ട്, കാരണം മൺസൂൺ ഓരോ ദോഷങ്ങളെയും വ്യത്യസ്ത രീതികളിൽ ബാധിക്കുന്നു. വിഷാംശം ഇല്ലാതാക്കുന്നതിനു പുറമെ രോഗപ്രതിരോധ ശേഷി വർദ്ധിപ്പി ക്കാനും, ശരീരത്തെ പുനരുജ്ജീവിപ്പിക്കാനും ശരീരത്തിലെ കൊഴുപ്പ് നീക്കുവാനും ശരീരഭാരം കുറയ്ക്കാനും നിലവിലുള്ള ആരോഗ്യ പ്രശ്നങ്ങൾ നീക്കുവാനും കർക്കിടക ചികിത്സ സഹായിക്കുന്നു.

ധാരാളം വിഷവസ്തുക്കൾ വേനൽക്കാലത്ത് അടിഞ്ഞു കൂടുകയും മഴക്കാലത്ത് ഇവയൊക്കെ വഷളാകുകയും ചെയ്യുന്നു. തത്ഫലമായി ഇത് വാതത്തെ പ്രതികൂലമായി ബാധിച്ച് പല രോഗങ്ങളിലേക്കും നയിക്കുന്നു. ചൂടുള്ള വേനൽക്കാലത്തിനു ശേഷം പെയ്യുന്ന മഴ ഭക്ഷണങ്ങളിൽ അസിഡിറ്റി വർദ്ധിപ്പിക്കുകയും അതുവഴി പിത്ത ദോഷം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. പനി, അസിഡിറ്റി, ദഹന പ്രശ്നങ്ങൾ എന്നിവയ്ക്ക് ഇത് വഴിവയ്ക്കുന്നു.

കൂടാതെ, മഴക്കാലത്ത് മലീമസമായ വെള്ളവും ഭക്ഷണവും കഫ ദോഷത്തെ വർദ്ധിപ്പിക്കുകയും ജലദോഷം, ചുമ, അലർജി, ചർമ്മരോഗങ്ങൾ എന്നിവയ്ക്ക് കാരണമാവുകയും ചെയ്യുന്നു. രോഗങ്ങൾ തടയുന്നതിനും ഊർജ്ജ നില വർദ്ധിപ്പിക്കുന്നതിനും ശരീരത്തെ പുനരുജ്ജീവിപ്പിക്കുന്നതിനും ദീർഘായുസ്സിനായും കർക്കിടക ചികിത്സകൾ ഫലപ്രദമാണ്. മാത്രമല്ല, സന്ധിവാതം, സ്പോണ്ടിലൈറ്റിസ്, നടുവേദന, ഉറക്കമില്ലായ്മ, പേശിവേദന, സമ്മർദ്ദം, വിഷാദം തുടങ്ങിയ പല രോഗങ്ങളെയും ഈ ചികിത്സയിലൂടെ തടയാവുന്നതാണ്.



**മഴക്കാലവും ആയുർവേദവും**

മഴക്കാലത്ത് വാത സംബന്ധമായ രോഗങ്ങളും ദഹനേന്ദ്രിയ ദുർബലതയാൽ ഉണ്ടാകുന്ന രോഗങ്ങളുമാണ് പരക്കെ കാണുന്നത്. ഇത്തരം രോഗാവസ്ഥകൾ ആയുർവേദത്തിലൂടെ പ്രതിരോധിക്കാം.

**ശീലിക്കേണ്ടവ :**

1. കുടിക്കാൻ തിളപ്പിച്ചാറിയ വെള്ളം മാത്രം ഉപയോഗിക്കുക. ചുക്കും മല്ലിയും ഇട്ട് തിളപ്പിച്ച വെള്ളം കുടിക്കാൻ ഉപയോഗിക്കാം.
2. ലഘുവായ ആഹാരങ്ങൾ കഴിക്കുക. അരി, ഗോതമ്പ്, ബാർളി,മുതിര, ചെറുപയർ, വഴുതന, വെള്ളരി, കാബേജ്, വാഴപ്പഴം എന്നിവ ആഹാരത്തിൽ ഉൾപെടുത്തുക. ആഹാരം ചൂടോടെ കഴിക്കുക. ചെറുപയർ സൂപ്പ് ശീലിക്കുക. ആഹാരത്തിൽ ചുക്ക്, കുരുമുളക് ചേർത്ത് പാകം ചെയ്യുന്നതും നല്ലതാണ്.
3. എള്ളെണ്ണയോ വെളിച്ചെണ്ണയോ ദേഹത്ത് പുരട്ടി ലഘുവായി വ്യായാമം ചെയ്യുക. കുളിക്കുന്നതിന് ചെറു ചൂടുവെള്ളം ഉപയോഗിക്കുക. കുളി കഴിഞ്ഞ് രാസ്നാദി ചൂർണ്ണം നെറുകയിൽ തിരുമ്മുക.
4. വേപ്പിലയും മഞ്ഞളും ഇട്ട് തിളപ്പിച്ച വെള്ളം കൈകാലുകൾ

കഴുകാൻ ഉപയോഗിക്കുക

5. രോഗാണു നാശത്തിനും രോഗവാഹകരെ അകറ്റുന്നതിനും വെള്ളം കെട്ടിക്കിടക്കാനുള്ള എല്ലാ സാഹചര്യങ്ങളെയും നശിപ്പിക്കുക, വീട് ഇഴ ജന്തുക്കളും, കൊതുക്, ഈച്ച, എലി ഇത്യാദികളും കയറാത്തവിധം സൂക്ഷിക്കുക.



6. അപരാജിത ധൂമ ചൂർണ്ണം അല്ലെങ്കിൽ തുമ്പ, ഉണങ്ങിയ വേപ്പില, കടുക് ഇവ ഉപയോഗിച്ച് വീടും പരിസരവും രാവിലെയും വൈകുന്നേരവും പുകക്കുക. വെളുത്തുള്ളി ചതച്ചത്, പുൽ തൈലം, ശീമക്കൊന്ന ഇലയുടെ കഷായം എന്നിവ വെള്ളം കെട്ടിക്കിടക്കുന്ന സ്ഥലങ്ങളിൽ തളിക്കുക. പാദരക്ഷകൾ ധരിക്കുക.

7. എരിവ്, കയ്പ്, ചവർപ്പ് രസമുള്ളവ, തൈര് എന്നിവ അമിതമായി ഉപയോഗിക്കരുത്.

8. നനഞ്ഞ വസ്ത്രങ്ങൾ ധരിക്കരുത്. നനഞ്ഞ മാസ്ക് ഉപയോഗിക്കരുത്. കഠിനാധ്വാനം ചെയ്യരുത്. പുഴവെള്ളത്തിൽ കുളിക്കരുത്.

**ഡോ. ബിനു ബാഹുലേയൻ BAMS**
അഡ്മിൻ കം ആയുർവേദ ഡോക്ടർ
ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ

Editorial Board
Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
Ms. Chippy K S | Ms. Manisha A N | Mr. Joshi Paul


ദൈവത്തെക്കുറിച്ചുള്ള
ജ്ഞാനത്തിന്റെ
ആദ്യത്തെ പടി
അവളാണ്;
അവിടുത്തെ
പ്രവർത്തനങ്ങളിൽ
കൂട്ടാളിയും.
ജ്ഞാനം 8: 4
Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE